"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ് 1099 ന് എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.280/2025/Co-Op തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:- 1. 21/06/2016ലെ എൻ.സി.ഡി.സി യുടെ NCDC 59-6/2015(TVM)/193/SA50134/1202 നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.581/2016/സഹ തീയതി 18/11/2016.

3. സ.ഉ.(സാധാ)നം.162/2024/സഹ തീയതി 22/03/2024

4 1/07/2024 ലെ എൻ.സി.ഡി.സി യുടെ 59/6/2015(റ്റി.വി.എം) നം.കത്ത്

5 സ.ഉ.(സാധാ)നം.154/2025/സഹ തീയതി 20/03/2025

6 സഹകരണ സംഘം രജിസ്ട്രാറുടെ 20/05/2025 ലെ പി&എംഎ (3) 12043/2024 നം കത്ത്

**<u>ഉത്തരവ്</u>**

അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ് 1099 ന് ഹെഡ് ആഫീസ് ബ്രാഞ്ച് വിപുലീകരണത്തിനും ഉപ്പുവള്ളി ബ്രാഞ്ച് നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള എൻ.സി.ഡി.സി. ധനസഹായമായി 48.55 ലക്ഷം രൂപ (ഓഹരി - 20.00 ലക്ഷം രൂപ, വായ്പ - 28.55 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം

ഗഡുവായി 17.14 ലക്ഷം രൂപ (ഓഹരി - 10.00 ലക്ഷം, വായ്പ - 7.14ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരവും രണ്ടാം ഗഡുവായി 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) [ഓഹരി (ശീർഷകം - 4425-108-42-34-3) - 10.00 ലക്ഷം രൂപ, വായ്പ (ശീർഷകം 6425-108-19) - 21.41 ലക്ഷം രൂപ] 2023-2024 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതിനല്കിയിരുന്നു. എന്നാൽ രണ്ടാം ഗഡുവായ 31.41 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി പുതുക്കി നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി തുക റിലീസ് ചെയ്യാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം (6) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ്.1099 ന് അനുവദിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) [ഓഹരി (ശീർഷകം - 4425-108-42-34-3) - 10.00 ലക്ഷം രൂപ, വായ്പ (ശീർഷകം 6425-108-19) - 21.41 ലക്ഷം രൂപ] 2025-26 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,

തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/145/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/111/2024/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 12-06-2025 16:03:34

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.